


[illegible]

[illegible]

SCHOOL CODE 46063

# <u>ഉള്ളടക്കം</u>


| Page no | content |
|---|---|
| 3 | വിൻസി ടീച്ചർ എന്ന അതുല്യ പ്രതിഭ |
| 4 | ഞാനറിയുന്ന വിൻസിറ്റീച്ചർ |
| 5 | അധ്യാപനം തപസ്യയാക്കിയ അധ്യാപിക |
| 6 | ഓർമ്മയുടെ ഓളങ്ങൾ |
| 7 | വിൻസി ടീച്ചർ എന്ന മാതൃകാ വ്യക്തിത്വം |
| 8 | ജ്വാലയായ്........... |
| 9 | വിൻസി ടീച്ചർ എന്ന വിസ്മയം |
| 11 | [illegible] |
| 12 | പച്ചയുടെ മണിമുത്ത് |
| 13 | സൂര്യശോഭ |
| 15 | മാതൃസ്നേഹം |
| 17 | അർപ്പണം=വിൻസിടീച്ചർ |
| 19 | പരാജിത |
| | |

# വിൻസി ടീച്ചർ എന്ന അതുല്യ പ്രതിഭ

ആദരണീയാർഹയും സ്നേഹ സമ്പന്നയുമായ ഒരു വ്യക്തിയാണ് പ്രിയപ്പെട്ട വിൻസി ടീച്ചർ അധ്യാപക- രക്ഷാകർത്ത്യ സമിതിയുടെ ഭാഗമായ നാൾ മുതൽ അധ്യാപിക എന്നതിലുപരി ഒരു സുഹൃത്തും സഹോദ രിയുമാണ് ടീച്ചർ . അധ്യാപനം എന്ന കർത്തവ്യത്തിനപ്പുറം കുട്ടികളുടെ പ്രശ്നങ്ങൾ കണ്ടെത്തി അവ പരിഹരിക്കാൻ മുൻകൈയെടുത്ത് പ്രവർത്തിക്കുന്നതിന് ടീച്ചർ സദാസന്നദ്ധയായിരുന്നു. എല്ലാ കാലത്തും സ്നേഹവും പരി ഗണനയും കാണിക്കുന്ന സ്നേഹമയിയായ ഒരു ടീച്ചറാണ് വിൻസി ടീച്ചർ. ഇനിയുള്ള വിശ്രമജീവിതത്തിൽ എല്ലാവിധ സന്തോഷവും ആരോഗ്യവും ടീച്ചറിനുണ്ടാകട്ടെ എന്ന് ആശംസിക്കുന്നു. ദീർഘായുസ്സു നൽകി ജഗതിശ്വരൻ അനുഗ്രഹിക്കട്ടെ എന്ന പ്രാർത്ഥനയോടെ, ഒരു പാട് സ്നേഹബഹുമാനത്തോടെ,

ഷേർളി ജോസഫ്



# ഞാനറിയുന്ന വിൻസിറ്റീച്ചർ

" എന്ന് നിങ്ങളുടെ മുന്നിലിരിക്കുന്ന കുട്ടി നിങ്ങളുടേതല്ലെന്ന് തോന്നുന്നുവോ ..... അന്ന് നിങ്ങൾ ആ വിദ്യാലയത്തിന്റെ പടിയിറങ്ങണം" – ഗുരു നിത്യചൈതന്യയതി. വിൻസി റ്റീച്ചറിനെക്കുറിച്ചുള്ള ഓർമ്മകളിൽ നിറഞ്ഞ് നിൽക്കുന്നത് യതിയുടെ ഈ വാക്കുകളാണ്. ഒച്ചപ്പാട്ടും ബഹളവും, ഞാനെന്ന ഭാവവും ഇല്ലാതെ, അദ്ധ്യാപനത്തെ ഒരു തപസ്യയായി കരുതുന്ന വിൻസി റ്റീച്ചർ. കരുതലും, കാർക്കശ്യവും, സ്നേഹസാന്ത്വനവും സമന്വയിപ്പിച്ച കൊണ്ടുള്ള അദ്ധ്യാപനം. ഒന്നിന്റെയും അടിസ്ഥാനം മനസ്സിലാക്കി പഠിക്കാനോ അല്ലെങ്കിൽ അതു മനസ്സിലാക്കി തരാനോ കഴിവുള്ള അദ്ധ്യാപകർ
വിരളം ആയിരുന്ന കാലഘട്ടത്തിൽ, ക്ലാസ്സുകൾ എടുക്കുന്ന രീതിയാൽ തന്നെ, അവ വിദ്യാർത്ഥികൾക്ക് ഫലപ്രദം ആകണമെന്ന ചിന്തയോടെ ക്ലാസ്സുകൾ നയിച്ചിരുന്നു വിൻസി റ്റീച്ചർ. കുട്ടികളെ മനഃപാഠം പഠിക്കാൻ നിർബന്ധിക്കാതെ, ഇംഗ്ലീഷ് ഭാഷ തെറ്റ് കൂടാതെ അഭ്യസിക്കാൻ സഹായിച്ചിരുന്ന അധ്യാപകരിൽ മുൻനിരയിലാണ് വിൻസി റ്റീച്ചറിന്റെ സ്ഥാനം. ആഗോളവൽക്കരണത്തിന്റെ കാലഘട്ടത്തിൽ, ഇംഗ്ലീഷ് പഠനം അനിവാര്യമായിരിക്കുന്ന സാഹചര്യത്തിൽ, ഇംഗ്ലീഷ് അധ്യാപിക എന്ന നിലയിൽ വിൻസി റ്റീച്ചറിന് വിദ്യാർത്ഥിസമൂഹത്തിൽ ചെലുത്താൻ കഴിഞ്ഞിരുന്ന സ്വാധീനം നിസ്സീമമല്ല. ഞാൻ ഹെഡ്മാസ്റ്ററായിരുന്ന കാലഘട്ടത്തിൽ സ്കൂളിലെ എന്ത് ഉത്തരവാദിത്വങ്ങളും, ഏൽപ്പിച്ചാൽ, സന്തോഷത്തോടെ ഏറ്റെടുക്കാൻ മടി കാണിക്കാറില്ലായിരുന്നു എന്നത്, ഈ അവസരത്തിൽ, ഞാൻ ഓർമ്മിക്കുന്നു. മുന്നിലിരിക്കുന്ന കുട്ടികൾ, സ്വന്തം മക്കളാണെന്ന ചിന്ത നഷ്ടപ്പെട്ടിരുന്നു എങ്കിൽ, റ്റീച്ചർ എന്നേ ആ പടിയിറങ്ങുമായിരുന്നു എന്ന് റ്റീച്ചറിനെ അടുത്തറിയാവുന്നവർ സാക്ഷ്യപ്പെടുത്തുന്നു. ലൂർദ്ദ് മാതാ ഹൈസ്കൂളിന്റെ ചരിത്രത്തിൽ, ത്രേസ്യാമ്മ പി ആലഞ്ചേരി എന്ന വിൻസിറ്റീച്ചർ, സ്വന്തം നാമം അടയാളപ്പെടുത്തിയിട്ടാണ് പടിയിറങ്ങുന്നതെന്ന, ഉത്തമ ബോധ്യത്തോടെ ആണ് ഈ കുറിപ്പ് ഇടുന്നത്. ശിഷ്ടകാലം ആയുരാരോഗ്യത്തോടെ, സന്തോഷപ്രദമായി, കുടുംബാംഗങ്ങളോടൊത്ത് കഴിയാൻ സാധിക്കട്ടെ



RAJU SIR

# ധ്യാപനം തപസ്യയാക്കിയ അധ്യാപിക.

വിദ്യാർത്ഥികൾക്കും സഹപ്രവർത്തകർക്കും മാതാപിതാക്കൾക്കും പ്രിയങ്കരി. പിന്നാണിയിൽ നിന്നു സ്‌കൂളിന്റെ പ്രവർത്തനങ്ങൾ മുഴുവൻ ചെയ്യുന്ന സുമനസ്സിന്റെ ഉടമ ആരവങ്ങില്ലാതെ , സമചിത്തതയോടെ ഉത്തവാദി തത്ത്വങ്ങൾ കൃത്യമായി നിറവേറ്റുന്ന വിൻസി ടീച്ചർ. വിജ്ഞാനത്തിന്റെ ആവനാഴിയിൽ ധാരാളം അമ്പുകൾ കരുതി വച്ചിരിക്കുന്ന പിന്നാണി പോരാളി, കുടുംബത്തിൽ തന്റെ ഉത്തരവാദിത്ത്വങ്ങൾ കൃത്യതയോടെ നിർവ്വഹിച്ച്, സമൂഹത്തിനും സഭയ്ക്കും ചെയ്യാവുന്ന സേവനങ്ങൾ ചെയ്ത് നിശബ്ദ്തദ കൈമുതലാക്കി മുന്നോട്ടു പോകുന്ന ടീച്ചർ. വിൻസി റ്റീച്ചറിന്റ വിരമിക്കൽസ്കൂളിനു തീരാനഷ്ടമാണ്. ആ ഠഗലേയ ഭാഷ തന്റെ സ്വതസിദ്ധമായ ശൈലിയിൽ കൈകാര്യം ചെയ്ത് വിദ്യാർത്ഥികൾക്ക് പൂർണ്ണമായി മനസ്സിലാക്കി കൊടുക്കുന്ന അധ്യാപികയുടെ പടിയിറക്കം വിദ്യാർത്ഥികൾക്കുവേദനയാണ്. വർഷങ്ങളുടെ പരിചയത്തിൽ എനിക്കു മനസ്സിലായ കാര്യം ഒരു നല്ല വ്യക്ത്തിത്ത്വം എന്നും ഇന്നും കാത്തുസൂക്ഷിക്കുന്ന ഞങ്ങളുടെ പ്രിയപ്പെട്ട വിൻസി ടീച്ചറിനെ എല്ലാ ആശംസകളും പ്രാർത്ഥനകളും നേരുന്നു.



തോമസുകുട്ടി മാത്യു ചീരംവേലിൽ( പ്രിൻസിപ്പൽ

# ഓർമ്മയുടെ ഓളങ്ങൾ

ഒത്തിരി ആശങ്കയുടെ ഹൈസ്ക്കുളിലേക്ക് ചെന്ന് എനിക്ക് എട്ടാം ക്ലാസിലെ ക്ലാസ് ടീച്ചറായും, അമ്മയുടെ സ്നേഹ വാത്സല്യങ്ങൾ ആവോളം പകർത്തുന്ന ടീച്ചർ. എൻറെ മനസ്സിലെ പച്ചപ്പാണ്. ക്യാപ്സ്യൂൾ പോലെ സ്നേഹം മുഴുവൻ ഉള്ളിൽ ശേഖരിച്ച് പുറമേ കർക്കശ സ്വഭാവം കാണിക്കുന്ന ടീച്ചർ പഠിപ്പീരിൽ ആത്മാർത്ഥ പുലർത്തിയിരുന്നു സാറമ്മാര് ഇല്ലാത്ത ഞങ്ങളുടെ സ്ക്കുളിൽ ആ കുറവ് നികത്തുന്നതിലെ പ്രധാന കണ്ണിയായിരുന്നു വിൻസി ടീച്ചർ കഴിവുകളുടെ ഒരു കലവറ തന്നെയാണ് ടീച്ചർ ആഗ്രഹിച്ചത് പോലെ ഞങ്ങൾക്ക് പഠിക്കാൻ കഴിഞ്ഞില്ല എന്നതാണ് വാസ്തവം മനസ്സിന്റെ മണിച്ചെപ്പിൽ വിൻസി ടീച്ചർക്ക് ഇന്നും ഇടമുണ്ട് നല്ലൊരു റിട്ടയർമെൻറ് ജീവിതം ആശംസിക്കുന്നു



ANGEL MARIA RAJU

# വിൻസി ടീച്ചർ എന്ന മാതൃകാ വ്യക്തിത്വം

ടീച്ചറിന് അർഹമായ വിരമിക്കൽ യാത്രയ്ക്ക് ആരംഭം കുറിക്കുമ്പോൾ ടീച്ചറിന്റെ മഹനീയമായ ജീവിതം എനിക്ക് ഒരു പ്രചോദനമായതിന് എന്റെ ഹൃദയം നിറഞ്ഞ നന്ദി പ്രകടിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. എന്റെ സ്കൂൾ ജീവിതയാത്രയിൽ ഉടനീളം എനിക്ക് ഒരു നല്ല ഉപദേഷ്ടാവ് ആയിരുന്നു ടീച്ചർ.ഞാൻ റോൾ മോഡലായി എന്റെ ജീവിതത്തിൽ കാണുന്ന ഒരു വ്യക്തിയാണ് നിങ്ങൾ. ഞങ്ങൾ പുതുതലമുറയുടെ മനസ്സുകളെ രൂപപ്പെടുത്തുന്നതിനുള്ള ടീച്ചറിന്റെ സമർപ്പണം ശാശ്വതമായ സ്വാധീനം ഞങ്ങളുടെ ജീവിതത്തിൽ ചെലുത്തിയിട്ടുണ്ട്.

അധ്യാപിക എന്ന ഒരു വിശിഷ്ടമായ ജീവിതത്തിൽ നിന്നും വിരമിച്ച് പുതിയ ഒരു ജീവിതത്തിലേക്ക് കാൽ എടുത്ത് വെക്കുന്നതിൽ ഞാൻ ഏറെസന്തോഷിക്കുകയും ടീച്ചറിനായി ആത്മാർത്ഥമായി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

നന്ദി



ANGEL ANNA SONY

# ജ്വാലയായ്...........

അറിവ് തേടിയുള്ള ജീവിതം എന്ന മഹായാത്രയിൽ അമരക്കാരിയായി എന്റെയും എന്റെ സഹപാഠികളുടെയും ഹൃദയത്തിൽ നിറഞ്ഞുനിൽക്കുന്ന വ്യക്തിത്വം വിൻസി  ടീച്ചർ. സ്നേഹവാത്സല്യങ്ങൾ പകർന്നു നൽകി ഒരു അമ്മയെപ്പോലെ...................... സ്വന്തം മക്കളെ പോലെ കരുതി ഞങ്ങൾക്ക് ജീവിത പാഠങ്ങൾ ഓതിയോതി തരുന്നു. തല്ലിയും തലോടിയും ടീച്ചർ പകർന്നുതന്ന നല്ല പാഠങ്ങൾ ജീവിതത്തെ രൂപപ്പെടുത്തുന്നതിൽ പ്രധാന പങ്കുവഹിക്കുന്നു.എന്റെ ജീവിതത്തിലെ പ്രചോദനം,വഴികാട്ടി, വെളിച്ചം................. ടീച്ചറിന്റെ ശിഷ്യയാകാൻ കഴിഞ്ഞതിൽ ഏറെ അഭിമാനിക്കുന്നു. കുട്ടികൾക്ക് ഏറെ പ്രിയങ്കരിയാണ് ടീച്ചർ. അറിവ് പകരുന്ന രീതി, പങ്കിടുന്ന അറിവ്, കുട്ടികളോടുള്ള കരുതൽ ഇവയൊക്കെ ടീച്ചറിനെ ഒരു മികച്ച അധ്യാപികയാക്കുന്നു. പാഠം പഠിപ്പിച്ച് പരീക്ഷയ്ക്ക് തയ്യാറാക്കുന്ന രീതിയല്ല ടീച്ചർ സ്വീകരിച്ചിരുന്നത് അറിവുണ്ടാകാനാണ് കുട്ടികൾ പഠിക്കുന്നത് പരീക്ഷയെഴുതാൻ മാത്രമല്ല എന്ന് ടീച്ചറിന്റെ അധ്യാപനശൈലിയിലൂടെ മനസ്സിലാകും. ടീച്ചറിന്റെ ഇംഗ്ലീഷ് ക്ലാസുകൾ കേൾക്കുമ്പോൾ എനിക്കും ടീച്ചറിനെ പോലെ ഇംഗ്ലീഷ് അധ്യാപികയാകണം എന്ന് തോന്നും.  ഇംഗ്ലീഷിൽ മാത്രമല്ല മലയാളത്തിലും ടീച്ചർ ബഹുമിടുക്കിയാണ്. നർമബോധം ഉള്ള അധ്യാപിക ടീച്ചറിന്റെ ഇടയ്ക്കിടയ്ക്ക് ഉള്ള തമാശകൾ, മുഖഭാവങ്ങൾ എന്നെ കുറച്ചുകൂടി ടീച്ചറിലേക്ക് ആകർഷിച്ചു. ടീച്ചറിന്റെ ശാസനയും ശിക്ഷണവും നമുക്ക് എന്നും ഒരു മുതൽക്കൂട്ടാണ്. ഗുരു വെളിച്ചമാണ്.എല്ലാ ശിഷ്യരിലും കത്തി നിൽക്കുന്ന വെളിച്ചമാകാൻ ടീച്ചറിന് കഴിയട്ടെ. സ്നേഹത്തിന്റെ നറുമലരുകൾ അർപ്പിച്ചുകൊണ്ട് ടീച്ചറിനെ യാത്രയാക്കാം. അറിവിന്റെ  ആഴങ്ങളിലേക്ക് എന്നെ നയിച്ചതിന് ഒത്തിരി നന്ദി.



LIANA TITTO

# വിൻസി ടീച്ചർ എന്ന വിസ്മയം

പച്ച ലൂർദ് മാതാ ഹൈസ്കൂളിലേക്ക് പ്രൊമോഷൻ ആയി എന്നറിഞ്ഞപ്പോൾ ഞാൻ ആദ്യം അന്വേഷിച്ചത് അവിടുത്തെ അധ്യാപകരെക്കുറിച്ചാണ് . അപ്പോൾ എനിക്ക് കിട്ടിയ മറുപടി ഇതായിരുന്നു "വിൻസി ടീച്ചർ ഒക്കെയല്ലേ അവിടെയുള്ളത് ഒന്നും പേടിക്കാനില്ല". ടീച്ചറിനെ കാണും മുമ്പേ തന്നെ ടീച്ചറിനെക്കുറിച്ച് എന്റെ മനസ്സിൽ വളരെ ഔന്നത്യം ഉള്ള ഒരു സങ്കല്പം രൂപപ്പെട്ടു .മനസ്സിന് ആശ്വാസമായി എങ്കിലും ടീച്ചറിനെ ഒന്ന് കാണാൻ ഏറെ പ്രതീക്ഷയായിരുന്നു .ആദ്യം സ്കൂളിൽ എത്തിയപ്പോഴേ വിൻസി ടീച്ചറിനെ കാണാനായി എന്റെ കണ്ണുകൾ പരതി.ആദ്യം കണ്ട നിമിഷം ഞാൻ കണ്ണെടുക്കാതെ തന്നെ ടീച്ചറിനെ വീക്ഷിച്ചു .ടീച്ചർ ആകട്ടെ ഞാനൊരു പാവം ഇവിടെയെങ്ങാനും ഒതുങ്ങി നിന്നോളം എന്ന ഭാവത്തിൽ നിൽക്കുന്നു .ടീച്ചറിന്റെ നിറഞ്ഞ പുഞ്ചിരി മനസ്സിന് കുളിർമ പകർന്നു . മൗനത്തിന്റെ മുഖാവരണംഅപ്പോഴുംഅവിടെ യുണ്ടായിരുന്നു .

ജൂൺ 5 പരിസ്ഥിതി ദിനാഘോഷം വന്നപ്പോഴാണ് ടീച്ചറിന്റെ പ്രാഗൽഭ്യം ആദ്യമായി എനിക്ക് അറിയാൻ കഴിഞ്ഞത്. ടീച്ചർ തന്നെ കുട്ടികൾക്ക് നിർദ്ദേശങ്ങൾ നൽകി "പ്രകൃതിയുടെ ഒരു തുണ്ട് " ക്ലാസിൽ രൂപപ്പെടുത്താനായിരുന്നു ടീച്ചർ കുട്ടികളോട് ആവശ്യപ്പെട്ടത് അത് അക്ഷരാർത്ഥത്തിൽ കുട്ടികൾ ചെയ്യുക തന്നെ ചെയ്തു. എത്ര മനോഹരമായയാണ് കുട്ടികളെ ടീച്ചർ നിയന്ത്രിച്ചത് പിന്നീട് ഓണാഘോഷത്തിനും ക്രിസ്മസ് ആഘോഷത്തിനുമെല്ലാം ചുക്കാൻ പിടിച്ചത് വിൻസി ടീച്ചർ തന്നെയായിരുന്നു .പാട്ടും നൃത്തവും ആഘോഷങ്ങളും.എല്ലാറ്റിന്റെയും പിന്നിൽ ടീച്ചർ തന്നെയായിരുന്നു

മറ്റെങ്ങും കാണാത്ത രീതിയിൽ പിടിഎ അംഗങ്ങളും അധ്യാപകരും തമ്മിൽ ഒരു നല്ല സൗഹൃദം ഈ സ്കൂളിലുണ്ട് അതിന്റെ മധ്യവർത്തിയായി നിലകൊള്ളുന്നത് പി ടി എ സെക്രട്ടറിയായ വിൻസി ടീച്ചർ തന്നെയാണ് പിടിഎ എക്സിക്യൂട്ടീവ് അംഗങ്ങളും അധ്യാപകരും ചേർന്ന് നടത്തിയ വിനോദയാത്രയും വിശേഷാവസരങ്ങളിൽ അവരോട് ഒന്നു ചേർന്ന് ഭക്ഷണം കഴിച്ചതുമൊക്കെ അതിശയത്തോടെയാണ് ഞാൻ നോക്കി കണ്ടത് .എല്ലാറ്റിനും ചുക്കാൻ പിടിക്കുന്നത് വിൻസി ടീച്ചർ തന്നെയാണെന്ന് എനിക്ക് മനസ്സിലായി

ഈ സ്കൂളിൽ നീണ്ട 19 വർഷക്കാലത്തെ അധ്യാപന പരിചയമുണ്ട് ടീച്ചറിന് . കുട്ടികൾക്ക് ഏറെ പ്രിയങ്കരിയായ അധ്യാപിക .ടീച്ചറിനോട് എന്ത് കാര്യം ആവശ്യപ്പെട്ടാലും ടീച്ചർ എപ്പോഴും ചെയ്യാൻ സന്നദ്ധയാണ് യുവജനോത്സവത്തിൽ ഇംഗ്ലീഷ് സ്കിറ്റ് സംഘഗാനം തിരുവാതിര എന്നിങ്ങനെ പല കലാ മത്സരങ്ങൾക്കും ചുക്കാൻ പിടിച്ചത് ടീച്ചർ ആണ് ഒരു പ്രോഗ്രാം ടീച്ചർ ഏറ്റെടുത്ത് കഴിഞ്ഞാൽ പിന്നെ അത് സൂപ്പർ ആണ് അധ്യാപനത്തിൽ ആണെങ്കിലോ തികഞ്ഞ ആത്മാർത്ഥത .കുട്ടികൾക്കെല്ലാം പ്രിയപ്പെട്ട ഇംഗ്ലീഷ് അധ്യാപിക .എന്നാൽ അച്ചടക്കത്തിന്റെ കാര്യത്തിൽ വളരെ കാർക്കശ്യം.ഇങ്ങനെ പറഞ്ഞാലും പറഞ്ഞാലും തീരാത്ത ഗുണഗണങ്ങളാണ് വിൻസി ടീച്ചറിനുള്ളത് ടീച്ചറിന്റെ അഭാവം ഈ സ്കൂളിന് ഒരു കനത്ത നഷ്ടം തന്നെയാണ് .എനിക്കും

ANCY KURUVILLA(HM)



# FOOTPRINTS

In the corridors of learning
A presence so rare
Vincy teacher our first class teacher
You cared with gentle words
You nurtured each young hearts
A lasting impression you played your part
In the world of prose and poetic delight
You painted a canvas both day and night
Your passion for English a flame so bright
Ignited our souls like starsin the night
Through grammar and stories you led the way
Guiding our minds come What may
In your classroom we found a safe space
A teacher a mentor whose love we embrace
Vincy teacher your impact runs deep and wide
In our memories you will never retire
You touched our hearts in a very single way
Your lessons and love will never fade away

NEFIN JIJO



# പച്ചയുടെ മണിമുത്ത്

നമ്മുടെ മുന്നിൽ ഉള്ള ചിലർ ഉന്തുവണ്ടി പോലെയാണ് ലക്ഷ്യത്തിലെത്താൻ തള്ളി കൊടുക്കേണ്ടിവരും. ചിലർ ചെറുതോണി പോലെയാണ് കൂടെയിരുന്ന് തുഴയേണ്ടി വരും. ചിലർ പട്ടം പോലെയാണ് ലക്ഷ്യം തെറ്റാതെ നൂലിൽ പിടിച്ച നിർത്തണം. ഈ വരികൾ ജീവ◌ിതമാക്കിയ മികച്ച ഒരു അധ്യാപിക. ആത്മാർത്ഥത, അർപ്പണബോധം, കൃത്യനിഷ്ഠ, പക്വമായ പെരുമാറ്റം, സൗമ്യത, ഊഷ്മളമായ സൗഹൃദം, അതിലുപരി ശാന്ത പ്രകൃതം ഈ ഗുണങ്ങൾ കൊണ്ട് സഹപ്രവർത്തകരുടെ ഹൃദയത്തിൽ ഇടം നേടിയ പ്രിയ സുഹൃത്ത് അതാണ് വിൻസി ടീച്ചർ. ടീച്ചറിന് എല്ലാ ഭാവുകങ്ങളും സ്നേഹപൂർവ്വം നേരുന്നു.

ROSAMMA THOMAS



# ഹൃദയത്തിൽ ദൈവത്തിൻറെ കയ്യൊപ്പുള്ള ടീച്ചർ

ഹൃദയത്തിൽ ദൈവത്തിൻറെ കൈയ്യൊപ്പുള്ള ടീച്ചർ ചെയ്യുന്ന ജോലിയോട് 100% ആത്മാർത്ഥത പുലർത്തുന്ന അധ്യാപിക സ്നേഹ വാൽസല്യ ത്തോടൊപ്പം ശിക്ഷണവും ലാളിത്യം തുളുമ്പി നിൽക്കുന്ന ജീവിതം. ഗുരു എന്നുള്ള നിലയിൽ ചൂണ്ടിക്കാണിക്കപ്പെടാൻ മറ്റുള്ളവർക്ക് മാതൃകയായി തിളങ്ങി നിൽക്കുന്ന വ്യക്തിത്വ.ം ദൈവം നൽകിയ താലന്തുകൾ വർധിപ്പിച്ച് വിദ്യാർത്ഥികളിലൂടെ സഭയ്ക്കും സമൂഹത്തിനും ധാർമിക മൂല്യങ്ങൾ പുലർത്തുന്ന വ്യക്തിത്വങ്ങളെ വാർത്തെടുക്കാൻ പരിശ്രമിച്ചിട്ടുള്ള വിൻസി ടീച്ചറെ കുറിച്ചുള്ള ഓർമ്മകൾ പ്രഭാത നക്ഷത്രത്തിന്റെ ശോഭ പോലെ എൻ്റെ മനസ്സിൽ ഒളിമങ്ങാതെ

ANEETTA S VIJU



# സൂര്യശോഭ

കാലം എത്ര കഴിഞ്ഞാലും സ്ക്കൂൾ കാലഘട്ടം എന്നും ഒരു സൂര്യശോഭയോടെ നമ്മുടെ ഉള്ളിൽ തെളിഞ്ഞു നിൽകും അതിൽ ചിറക് വിരിച്ച് കുറച്ച് അധ്യാപകരും... വളരെ മെലിഞ്ഞ ശരീര പ്രകൃതം . ഒരു നോട്ടത്തിൽ കുട്ടികളെ പിടിച്ചിരുത്താൻ കഴിവുള്ള അധ്യാപിക..

കാര്യങ്ങൾ പെട്ടന്ന് മനസ്സിലാക്കാനും വിഷമങ്ങൾ തുറന്നു സംസാരിക്കാൻ പറ്റുന്ന ഒരു തുറന്ന പുസ്തകം ...ആദ്യം പേടി ,പിന്നെ ഇഷ്ടം,പിന്നെ അത്ഭുതം...അങ്ങനെ തലങ്ങൾ മാറി മറിഞ്ഞു..ഒരുപാട് സംസാരിച്ചിട്ടില്ലെങ്കിലും ഏറെ പ്രിയപ്പെട്ടതായിരുന്നു എനിക്കും വിൻസി ടീച്ചർ... ആദ്യം ഒരു ആകാംഷ ആയിരുന്നു ടീച്ചറെ അറിയാൻ ...സ്നേഹം കടലോളം മനസ്സിൽ ഒളിപ്പിച്ചു പിന്നോക്കം നിൽക്കുന്ന കുട്ടികളെ പ്രത്യേകം വിളിച്ച് കാര്യങ്ങൽ അന്വേഷിക്കുകയും , അവർക് വേണ്ട നിർദേശങ്ങൾ നൽകുകയും ചെയ്യുന്ന ടീച്ചറോട് ബഹുമാനവും,സ്നേഹവും വർധിപ്പിച്ചു .... ഒരു കാലചക്രം അവസാനികുമ്പോൾ അധ്യാപനം എന്ന പദവിക്ക് വിട പറയുന്ന ഞങ്ങളുടെ പ്രിയപ്പെട്ട വിൻസി ടീച്ചറിന് എല്ലാ ഭാവുകങ്ങളും നേരുന്നു.



LISMIN THERESA LAL

# മാതൃസ്നേഹം

ഹൈസ്കൂൾ പഠനം പൂർത്തിയാക്കിയെങ്കിലും ഇന്നും വിൻസി ടീച്ചർ എന്നു കേൾക്കുമ്പോൾ ഒരിറ്റ് ഭയവും അതിലുപരി സ്നേഹവുമാണ് തോന്നുന്നത്. ഓൺലൈൻ ക്ലാസ്സിൽ തുടങ്ങിയ ആ സ്നേഹം ഇന്നും ടീച്ചറെ കാണുമ്പോൾ ഒന്നു പുഞ്ചിരിക്കാനും ഒന്നു വണങ്ങാനും എന്നെ പ്രേരിപ്പിക്കുന്നു. അന്നത്തേതുപോലെ ഇന്നും കരുതലിന്റെയും ശിക്ഷണത്തിന്റെയും ആ മാതൃസ്നേഹം ടീച്ചറിലൂടെ അനുഭവവേദ്യമാകുന്നു. ഓൺലൈനായി പഠിച്ചു കൊണ്ടിരുന്നപ്പോൾ ഇംഗ്ലീഷ് പാഠപുസ്തകത്തിലുണ്ടായിരുന്ന ഒരു പ്രവർത്തനം വിദ്യാർത്ഥികളെക്കൊണ്ടു ചെയ്യിപ്പിക്കുവാനും പരിമിതമായ ആ സാഹചര്യത്തിൽ ഞങ്ങളെ കുറച്ചു പേരെ ഗൂഗിൾ മീറ്റിലൂടെ വിളിച്ചു കൂട്ടി ഈ പ്രവർത്തനം എങ്ങനെ

മുന്നോട്ടു കൊണ്ടുപോകാമെന്നും ടീച്ചർ ചർച്ച ചെയ്തു. പരിശീലനത്തിനിടെ ഞങ്ങളുടെ തീക്ഷണത മനസ്സിലാക്കിയ ടീച്ചർ തനിക്കാകാവുന്ന അത്ര വിധം പ്രവർത്തനം പ്രചരിപ്പിക്കുകയും സ്കൂളിലെ മറ്റധ്യാപകരെയും വിളിച്ചുകൂട്ടി ഞങ്ങൾക്ക് പ്രചോദനമേകുകയും ചെയ്തു.

കല, കായിക, പഠന കാര്യങ്ങളിൽ ഒരു വിദ്യാർത്ഥിയുടെ അഭിരുചി എന്തെന്ന് മനസ്സിലാക്കുകയും അവരോടു വ്യക്തിപരമായി സംസാരിക്കുകയും അവരെ മികവുറ്റതാക്കാൻ പരിശ്രമിക്കുകയും ചെയ്യുന്ന ടീച്ചറിന്റെ മനസ്സ് ഞാൻ പലപ്പോഴും ശ്രദ്ധിച്ചിരുന്നു. എനിക്കുറപ്പാണ് ഹൈസ്കൂൾ കാലഘട്ടത്തിൽ ടീച്ചറുടെ ക്ലാസ്സിൽ ഇരുന്ന ഓരോ കുട്ടിക്കും ടീച്ചറിൽനിന്ന് എന്തെങ്കിലും മൂല്യങ്ങൾ ലഭിച്ചിട്ടുണ്ട്. ഇനി സ്കൂളിലേക്കുള്ള വഴിയിൽ കുടയും ചൂടി ബാഗും ചേർത്തു പിടിച്ച് നടന്നു വരുന്ന ആ ദൃശ്യം ഓർമകളാണെന്ന യാഥാർത്യം ഞാൻ ഏറെ ദുഃഖത്തോടെതിരിച്ചറിയുന്നു.

JIYA  ANNA ZACHARIA



# അർപ്പണം=വിൻസിടീച്ചർ

അധ്യാപനത്തെ തപസ്യയായി സ്വീകരിച്ച് തന്റെ കർമ്മമേഖലയെ ആത്മാർപ്പണം കൊണ്ട് സമ്പന്നമാക്കിയ ഗുരുശ്രേഷ്ഠയ്ക്ക് പ്രണാമം. ഒരു സുപ്രഭാതത്തിൽ കൈനകരിയുടെ മണ്ണിൽ നിന്ന് പച്ച ലൂർദ്ദിയൻ കുടുംബത്തിലേക്ക് പറിച്ചു നടപ്പെട്ട എനിക്ക് വിൻസി ടീച്ചർ ശരിക്കും ഒരു മാർഗ്ഗദർശിയായിരുന്നു. അധ്യാപിക എന്നതിലപ്പുറം ഒരു തുറന്ന പാഠപുസ്തകമാണ് ത്രേസ്യാമ്മ പി ആലഞ്ചേരി എന്ന വിൻസി ടീച്ചർ. അധ്യാപനത്തെ ഒരു കലയാക്കി സ്വീകരിച്ച് പാഠപുസ്തകത്തിനപ്പുറം, തന്റെ മുന്നിലിരിക്കുന്ന വിദ്യാർത്ഥികളുടെ കഴിവുകൾ കണ്ടെത്തി അവരെ വളർത്തിക്കൊണ്ടു വരുന്നതിൽ ടീച്ചർ അതീവശ്രദ്ധ പതിപ്പിച്ചിരുന്നു. കലോത്സവത്തിന് മുൻപുള്ള പരിശീലന സമയത്ത് ടീച്ചറിന്റെ ഉത്സാഹവും പരിശ്രമവും എന്നെ പലപ്പോഴും അത്ഭുതപ്പെടുത്തുകയും ചിന്തിപ്പിക്കുകയും ചെയ്തിരുന്നു.തന്റെ കൈകളിലൂടെ രൂപപ്പെടുന്ന, പരുവപ്പെടുന്ന ആ കുഞ്ഞുമക്കൾക്ക് വേണ്ടിയുള്ള പ്രാർത്ഥനയും ഉപവാസവും ടീച്ചറിലെ ആത്മീയ ഗുരുവിനെയും എനിക്ക് കാണിച്ചുതന്നിരുന്നു. കുട്ടികളുടെ വിജയാഹ്ലാദത്തിൽ നിശബ്ദമായി പങ്കാളിയാകുന്ന ടീച്ചറിനെ കൗതുകപൂർവ്വം ഞാൻ വീക്ഷിച്ചിരുന്നു. ഏതു സംഘർഷഭരിതമായ ജീവിതാവസ്ഥയും തന്റെ ശാന്തമായ ഇടപെടൽ കൊണ്ട്

സൗമ്യമായ പ്രവർത്തന ശൈലികൊണ്ട് ഒരു സങ്കീർത്തനം പോലെ ആക്കുവാൻ വിൻസി ടീച്ചറിന് സാധിച്ചിരുന്നു. ശാന്തത.... എളിമ.. സൗമ്യത.. എന്നിവയുടെ പര്യായമായ വിൻസി ടീച്ചർ, തന്റെ സ്വതസിദ്ധമായ അധ്യാപന ശൈലിയാൽ കുട്ടികളുടെ മനം കവർന്നിരുന്നു . അടക്കിപ്പിടിച്ചിരുത്തുവാനുള്ള ടീച്ചറിന്റെ കഴിവ് ഏറെ ശ്രദ്ധേയമാണ്. നേതൃത്വ പാടവം, നല്ലൊരു സംവിധായിക, സർവഗുണസമ്പന്ന, കഴിവുകളുടെ കലവറ.. എന്നിങ്ങനെ ടീച്ചറിനെ കുറിച്ചുള്ള വിശേഷണങ്ങൾക്ക് അവസാനമില്ല..

ജീവിതമാകുന്ന വഴിത്താരയിൽ ഞാൻ കണ്ടുമുട്ടിയ ഒരു അവർണ്ണനീയ വ്യക്തിത്വമാണ് വിൻസി ടീച്ചർ. ഒരു പുസ്തകം ഒരു പേന ഒരു അധ്യാപകൻ എന്നിവയ്ക്ക് ഈ ലോകത്തെ മാറ്റിമറിക്കാൻ കഴിയും എന്ന മലാലയുടെ വാക്കുകൾ ടീച്ചറിന്റെ അധ്യാപന ജീവിതത്തോട് ചേർത്തു വായിക്കുമ്പോൾ ഏറെ അർത്ഥപൂർണ്ണമാകുന്നു. താങ്ങായ്... കരുതലായ്... കൂടെ നിന്ന...സ്വന്തമായി കരുതി ചേർത്തുപിടിച്ച... എന്നിലെ എന്നെ വളർത്തിയ.... ടീച്ചർക്ക് ഒരായിരം നന്ദി.. ശിഷ്യജീവിതം സന്തോഷത്തോടെ.... കൂടുതൽ പ്രത്യാശയോടെ... ആർജ്ജവത്തോടെ... വ്യാപരിക്കുവാൻ ടീച്ചറിന് സാധിക്കട്ടെ എന്ന് ആശംസയോടെ...

JISS MARY JOSE



# പരാജിത

അവൾ അത് കാണാതെ മറച്ചു പിടിക്കാൻ ശ്രമിച്ചു ....

എന്താ അത്? അയാൾ ചോദിച്ചു.

ഒന്നുല്ല.....

എന്താ നിന്റെ കയ്യിൽ? പറയണോ?? പറഞ്ഞാലും മനസ്സിലാവില്ല.

എന്താ നീ ഒളിക്കുന്നത്???

പറഞ്ഞാലോ???

അതിൽ നിറയെ പൂക്കളാണ്, പൂച്ചെടികളാണ്, മണ്ണാണ്, മരങ്ങളാണ്,

ഓർമ്മകളാണ്, മക്കളുടെ പൊട്ടിച്ചിരികളാണ്, കളിചിരികളാണ്, സുഖതമായ ചി

നിമിഷങ്ങളാണ്.

പറഞ്ഞാലോ?? പറഞ്ഞാൽ !!!!!

വേണ്ട !ഇല്ല. മനസ്സിലാവില്ല.

ഇങ്ങോട്ട് കാണിച്ചേ....... ഒരു രഹസ്യം........ എന്താണെന്ന് കാണട്ടെ ------

അയാൾ പിടിച്ചു വാങ്ങി..... എന്താണിത്?

നിനക്കെന്താ വട്ടാണോ ?

നിറയെ ചപ്പും ചവറും ആണല്ലോ ?

അയാൾ അത് താഴെയിട്ട് ചവിട്ടി അരച്ചു ... കണ്ടോ...

കണ്ടോ...... അവൾ തേങ്ങി ...... ഞാൻ അപ്പോഴേ

പറഞ്ഞില്ലേ. നിങ്ങൾക്ക് അത് മനസ്സിലാവില്ലെന്ന്! അത്

എന്റെ സ്വപ്നങ്ങളായിരുന്നു......... അവൾ തേങ്ങി

കരഞ്ഞു....... എന്താടി പ്രാർത്ഥിച്ചിട്ട് കിടക്കാത്തേ?

പ്രാർത്ഥിച്ച് കിടക്കണം എന്നു പറഞ്ഞാൽ കേൾക്കില്ല.......

ഇങ്ങോട്ട് നീങ്ങി കിടക്ക് ........വീണ്ടും ഞാൻ തോറ്റു.......

അവൾക്ക് തേങ്ങൽ അടക്കാൻ ആയില്ല

ത്രേസ്യാമ്മ പി ആലഞ്ചേരി

